മെഡിക്കൽ കോളേജുകളിലെ എൻ. ആർ. ഐ. ക്വാട്ടയിലെ സീറ്റുകൾ

142 [918] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
,, ജി. കാർത്തികേയൻ :
,, ലൂഡി ലൂയിസ് :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ പ്രവേശനത്തിന് എൻ. ആർ. ഐ. ക്വാട്ട അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) എൻ. ആർ. ഐ. ക്വാട്ട എത്ര വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) പ്രവേശനം ലഭിക്കുന്നവർ നൽകേണ്ട ഫീസ് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ, ബി) കേരളാ സെൽഫ് ഫിനാൻസിംഗ്, പ്രൊഫഷണൽ കോളേജ് പൊഫിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീ ആന്റ് പ്രോസിക്യൂഷൻ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്, ആക്ട് 2004 (ആക്ട് 17 ഓഫ് 2004)-ലെ ക്ലോസ് 3(4)-ലെ വ്യവസ്ഥയനുസരിച്ച് സ്വാശ്രയ മെഡിക്കൽ കോളേജിലെ മാനേജ്മെന്റ് ക്വാട്ടയിലെ 15%-ൽ കവിയാത്ത സീറ്റുകൾ എൻ. ആർ. ഐ. വിഭാഗക്കാർക്ക് സംവരണം ചെയ്യാൻ വ്യവസ്ഥയുണ്ട്. ഈ സീറ്റുകൾ നികത്തുന്നത് ബന്ധപ്പെട്ട മാനേജ്മെന്റുകളാണ് മാനേജ്മെന്റ് ക്വാട്ടയിൽ വിവിധ സ്വാശ്രയ കോളേജുകൾ നടത്തിയ അഡ്മിഷനുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) ജസ്റ്റീസ് കെ. റ്റി. തോമസ് കമ്മിറ്റി റിപ്പോർട്ട് അനുസരിച്ച് സ്വാശ്രയ കോളേജിൽ പ്രവേശനം നേടുന്നവർ പ്രതിവർഷ ഫീസായി 1,13,000 രൂപയാണ് 2004-05 അദ്ധ്യയന വർഷം മുതൽ നൽകേണ്ടത്. എൻ. ആർ. ഐ. വിഭാഗക്കാർ നൽകുന്ന ഫീസ് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിലേയും, മെഡിക്കൽ കോളേജ് ആശുപത്രിയിലെയും ഒഴിവുകൾ

143 [919] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലും മെഡിക്കൽ കോളേജ് ആശുപത്രിയിലും സർക്കാർ സാങ്ഷൻ നല്കിയിട്ടുള്ള ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ ഇപ്പോൾ നിലനിൽക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള ഒഴിവുകളിൽ പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജിലെ തസ്തികകൾ നികത്താൻ നടപടി

144 [920] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ ;

(ബി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഡോക്ടർമാർ, മറ്റ് സാങ്കേതിക വിദഗ്ധർ എന്നിവരുടെ തസ്തികകൾ നികത്താത്തതുമൂലം ഓപ്പറേഷനുകൾ മുടങ്ങുന്നതും കോളേജിന്റെ പ്രവർത്തനം സ്തംഭിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ നിയമം അനുസരിച്ച് മെഡിക്കൽ കോളേജ് ആശുപത്രികൾ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരേ ക്യാമ്പസിൽ വേണമെന്നതിനാലും രോഗികൾക്ക് ഏകോപിച്ചുള്ള കൂടുതൽ പരിചരണം കൊടുക്കുന്നതിനു വേണ്ടിയും, ഭരണ നിർവ്വഹണ സൗകര്യത്തിനും മെഡിക്കൽ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം എളുപ്പമാക്കുന്നതിനും വേണ്ടിയാണ് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി മുളങ്കുന്നത്തുകാവിലേക്ക് മാറ്റി സ്ഥാപിക്കുന്നത്. ഇപ്പോൾ മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഒരു വിഭാഗം പ്രവർത്തിക്കുന്നത് ജില്ലാ ആശുപത്രിയിൽ നിന്നും താൽക്കാലികമായി ഏറ്റെടുത്ത കെട്ടിടത്തിലാണ്.

(ബി) ഇല്ല. ഡോക്ടർമാർ, സാങ്കേതിക വിദഗ്ധർ എന്നിവരുടെ ഒഴിവുകൾ കരാർ വ്യവസ്ഥയിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും താൽക്കാലികമായി നികത്തിയിട്ടുണ്ട്. സ്ഥിര നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly